**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 411** **20-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ, മുണ്ടക്കൈ ചൂരൽമല പ്രദേശങ്ങളിൽ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കണ്ടെത്തിയ കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ എസ്റ്റേറ്റ്, കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ് എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനിച്ച് 04/10/2024 ൽ തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ കമ്പനികൾ ഫയൽചെയ്ത WP(C) 36125/24, WP(C) 36436/24 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് സിംഗിൾ ബെഞ്ച് 27.12.24 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ദുരന്ത നിവാരണ നിയമപ്രകാരം പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്ന് ഉത്തരവായിരുന്നു. 27.12.2024 ലെ സിങ്കിൾ ബെഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കി ടോപ്പോഗ്രാഫിക്ക് സർവ്വേ, ഹൈഡ്രോളിക്കൽ സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, സോയിൽ ടെസ്റ്റ് എന്നിവ പൂർത്തിയാക്കി, വില നിർണ്ണയവുമായി ബന്ധപ്പെട്ട ഫീൽഡ് വർക്ക് പൂർത്തിയാക്കി ബിൽഡിങ്ങുകളുടേയും മരങ്ങളുടേയും വാല്യുവേഷൻ പൂർത്തിയാക്കി. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ദ്രുതഗതിയിൽ നടന്നുവരുന്നു. മാർച്ച് മാസത്തിൽ തന്നെ ഭൂമി ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | രണ്ട് എസ്റ്റേറ്റുകൾ ഏറ്റെടുക്കുമെന്നുള്ള വാഗ്ദാനത്തിൽ നിന്നും സർക്കാർ പിന്നോട്ട് | (ബി) | തീരുമാനത്തിൽ നിന്ന് സർക്കാർ പിന്നോട്ട് പോയിട്ടില്ല. വയനാട് ജില്ലാ ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | പോകാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | | അതോറിറ്റി തയ്യാറാക്കിയ ദുരന്ത ബാധിത കുടുംബങ്ങളുടെ ലിസ്റ്റ് 430 എണ്ണം അധികരിക്കാത്തതിനാലും സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപ്പൊട്ടൽ ബാധിത കുടുംബങ്ങൾക്ക് അനുവദിക്കുന്ന 15 ലക്ഷം രൂപ സ്വീകരിക്കുന്ന ഗുണഭോക്താക്കളും ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ടും എന്നതിനാലുമാണ് പുനരധിവാസത്തിനായി ആദ്യഘട്ടത്തിൽ എൽസ്റ്റോൺ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിന് തീരുമാനിച്ചത്. പിന്നീട് പുനരധിവാസ പദ്ധതിക്ക് ആവശ്യമെന്ന് കണ്ടാൽ നെടുമ്പാല എസ്റ്റേറ്റ് കൂടി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ സംബന്ധിച്ച കോടതി വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെതിരായി കമ്പനികൾ ഫയൽചെയ്ത WP(C)36125/24, WP(C) 36436/24 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് സിംഗിൾ ബെഞ്ച് 27.12.2024-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ദുരന്തനിവാരണ നിയമപ്രകാരം പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്നും കൈവശകക്ഷികൾക്ക് LARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകണമെന്നും ഉത്തരവായിരുന്നു.<br><br>ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച ടി വിധിന്യായത്തിലെ ചില പരാമർശങ്ങൾ വസ്തുതാവിരുദ്ധവും സർക്കാരിന്റെ താത്പര്യങ്ങൾ ഹനിക്കുന്നതുമാകയാൽ ആയത് ഒഴിവാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരന്തനിവാരണ നിയമപ്രകാരം പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ 27.12.24 ലെ വിധിക്കെതിരെ HML കമ്പനിയും എൽസ്റ്റൺ ടീ എസ്റ്റേറ്റ് കമ്പനിയും ഡിവിഷൻ ബഞ്ചിൽ WA109/2025, WA229/2025 എന്നീ അപ്പീലുകൾ ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ കോടതി നിലവിലുള്ള ഭൂമിയേറ്റെടുക്കൽ സ്റ്റേ ചെയ്യുകയോ ഏതെങ്കിലും വിധത്തിൽ തടസ്സപ്പെടുത്തുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ